Catholic Metropolitan's House
P.B. No. 71, Kottayam -686 001
Kerala, India

Date : 25 - 02 - 2013

പ്രിയ ബഹു. അച്ചാ, സ്നേഹം നിറഞ്ഞ ദൈവജനമേ,

അഭി. പിതാവിന്റെ 125-ാം നമ്പർ സർക്കുലറിലൂടെ കാരിത്താസ് മെഡിക്കൽ കോളേജിന്റെ സാധ്യതകൾ, സമുദായത്തിനു ലഭിക്കാവുന്ന നേട്ടങ്ങൾ, പണസമാഹരണ മാർഗങ്ങൾ എന്നിവ നമുക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞു. കഴിഞ്ഞ ആഴ്ചകളിൽ കിടങ്ങൂർ, കടുത്തുരുത്തി, ഇടയ്ക്കാട്ട്, ഉഴവൂർ, കൈപ്പുഴ, ചുങ്കം എന്നീ ഫൊറോനകളിലെ പാരിഷ് കൗൺസിൽ അംഗങ്ങളുടെ മീറ്റിംഗുകളിൽ കാരിത്താസ് മെഡിക്കൽ കോളേജിനെ സംബന്ധിച്ച് നടത്തിയിട്ടുള്ള പഠന റിപ്പോർട്ട് അവതരിപ്പിക്കുകയുണ്ടായി. നല്ല പ്രതികരണമാണ് പാരീഷ് കൗൺസിൽ അംഗങ്ങളിൽ നിന്നും ലഭിച്ചത്. ബാക്കിയുള്ള ഫൊറോനാകളിൽ താമസിക്കാതെ ഞാൻ പോകാൻ പരിശ്രമിക്കുന്നതാണ്.

ഇതിനായി നിയോഗിക്കപ്പെട്ട കമ്മറ്റി പഠിച്ച് നിർദ്ദേശിച്ചിട്ടുള്ള വിവിധ പാക്കേജുകളിൽ സ്വദേശത്തും വിദേശത്തുമുള്ള നമ്മുടെ ആളുകളുടെ പങ്കാളിത്തവും ഉറപ്പും ലഭിക്കേണ്ടതായിട്ടുണ്ട്. ആദ്യപടിയായി ഒരു ലക്ഷത്തിൽ കൂടുതൽ തുക ഏതെങ്കിലും പാക്കേജുകൾക്കായി തരാൻ സാമ്പത്തികവും, സന്മനസ്സുമുള്ള ആളുകളുടെ ഒരു മീറ്റിംഗ് ചൈതന്യയിൽ വച്ച് മാർച്ച് മാസം 10-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് സംഘടിപ്പിക്കുന്നതാണ്. പാക്കേജുകൾ: NRI seat 800000X5=40lakh, Caritas Medi-care, Sponsorship, Interest Free Loan.

പ്രസ്തുത മീറ്റിംഗിലേക്ക് ബഹു. അച്ചന്റെ ഇടവകയിൽ നിന്നും ചുരുങ്ങിയത് 5നും 15നും ഇടയ്ക്ക് ആളുകളെ പറഞ്ഞുവിടണമെന്ന് താല്പര്യപ്പെടുന്നു. ഈ വിവരം പള്ളിയിൽ അറിയിച്ച് എത്ര പേർ സംബന്ധിക്കുമെന്നുള്ള വിവരം ആ ഫൊറോനായിലെ താഴെ പറയുന്ന ബഹു. അച്ചനെ മാർച്ച് 5-ാം തീയതിക്കകം അറിയിക്കുമല്ലോ.

ഈ കാര്യങ്ങൾക്ക് ബഹു. അച്ചൻ നല്കികൊണ്ടിരിക്കുന്ന സഹകരണത്തിന് നന്ദി പറഞ്ഞുകൊണ്ടും, ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ടും.

ഈശോയിൽ സ്നേഹപൂർവ്വം,

✠മാർ ജോസഫ് പണ്ടാരശ്ശേരിൽ
കോട്ടയം അതിരൂപതാ സഹായമെത്രാൻ

**NB:**

| | | |
|---|---|---|
| Edackat | : | Fr. John Chennakuzhy |
| Kaipuzha | : | Fr. Jose Nedumgatt |
| Kidangoor | : | Fr. Cyriac Mattathil |
| Uzhavoor | : | Fr. Simon Pullatt |
| Kaduthuruthy | : | Fr. Mathew Kuzhippillil OSH |
| Chunkom | : | Fr. Sabu Malithuruthel |
| Padamughom | : | Fr. Anish Maveliputhenpura |
| Malankara | : | Fr. George Kurisumoottil |
| Chengaleeri | : | Fr. Shijo Kuzhippillil |
| Perikalloor | : | Fr. Shiju Thuruthy OSH |
| Madampam | : | Fr. Jose Chirappurathu |
| Rajapuram | : | Fr. Shinoj Vellaikal |